# ഇമാം അബൂ ബക്ർ ഇബ്നു അബീ ശൈബ (رحمه الله)

തയ്യാറാക്കിയത്: അബൂഹംന കാരത്തൂർ

അബൂബക്ർ അബ്ദുല്ലാഹ് ബിൻ മുഹമ്മദ് ഇബ്നു അബീ ശൈബ ഇബ്രാഹീം ഇബ്നു ഉഥ്മാൻ അൽ അബ്ബാസീ അൽ കൂഫീ (رحمه الله) എന്നായിരുന്നു ഇമാമിന്റെ പൂർണ്ണ നാമം. അൽ മുസന്നഫ്, അൽ മുസ്നദ് തുടങ്ങിയ ബൃഹത് ഗ്രന്ഥങ്ങളുടെ രചയിതാവാണ് അദ്ദേഹം.

ഹിജ്റ 159 നായിരുന്നു ജനനം. സുഫ്യാനുബ്നു ഉയയ്ന (رحمه الله), അബ്ദുല്ലാഹ് ഇബ്നു അൽ മുബാറക് (رحمه الله), അബ്ദു റഹമാൻ ഇബ്നു മഹ്ദീ (رحمه الله) തുടങ്ങി വിശ്വസ്ഥരും സത്യസന്ധരുമായ വലിയ പണ്ഡിത വൃന്ദത്തിൽ നിന്നുമായിരുന്നു അദ്ദേഹത്തിന്റെ പഠനം. ഇമാം അഹ്മദും (رحمه الله) അദ്ദേഹത്തിന്റെ മകനും ഇമാമിനെ വിശ്വസ്ഥനായി മനസ്സിലാക്കുകയും അദ്ദേഹത്തിൽ നിന്നും ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഇമാം ബുഖാരി (رحمه الله), മുസ്ലിം (رحمه الله), അബു ദാവൂദ് (رحمه الله), ഇബ്നു മാജ (رحمه الله) തുടങ്ങിയ പ്രശസ്ഥ ഇമാമുകളുടെ അധ്യാപകനായിരുന്നു അദ്ദേഹം.

അബൂ ഉബയ്ദ് അൽ ഖാസിം ബിൻ സലാം (رحمه الله) പറഞ്ഞു: ‘‘ഹദീഥുകളിൽ പ്രഥമ സ്ഥാനീയരായ പണ്ഡിതന്മാർ നാലു പേരാണ്: ഹലാൽ ഹറാമുകളെ സംബന്ധിച്ച് ഏറ്റവും വിജ്ഞാനീയൻ അഹ്മദ് ബിൻ ഹമ്പൽ ആണ്. ഹദീഥുകൾ രേഖപ്പെടുത്തുകയും അവയെ അവസരോചിതം പ്രയോഗിക്കുന്നതിലും അഗ്രഗണ്യൻ അലീ ഇബ്ൻ അൽ മദീനീ ആണ്. ഗ്രന്ഥ രചനയിലാകട്ടെ അഗ്രിമൻ അബീ ശൈബയും ഹദീഥുകളുടെ ആധികാരികതയും ദുർബലതയും സംബന്ധിച്ച് ഏറെ അറിവുറ്റ വ്യക്തി യഹ്യ ബിൻ മഈനുമാണ്.’’

അദ്ദേഹം വീണ്ടും പറയുന്നു: ‘‘ഹദീഥ് വിജ്ഞാനം അവസാനം ചെന്നു ചേരുന്നത് അബൂ ബക്കർ ഇബ്നു അബീ ഷൈബ, അഹ്മദ് ബിൻ ഹമ്പൽ, യഹ്യ ഇബ്നു മഈൻ, അലീ ഇബ്നു അൽ മദീനീ എന്ന നാലു പേരിലാണ്. ഹദീഥുകൾ അവതരിപ്പിക്കുന്നതിൽ അവരിൽ ഉത്തമൻ അബൂ ബക്ർ ഇബ്നു അബീ ശൈബയാണ്. ഹദീസുകൾ ഗഹനമായി ഗ്രഹിക്കാൻ കഴിയുന്ന വ്യക്തി അവരിൽ അഹ്മദ് ആയിരുന്നു. ഹദീഥ് ശേഖരണത്തിൽ ഉന്നതൻ യഹ്യയും അവയുടെ വിജ്ഞാനത്തിൽ ഉന്നതൻ അലിയുമായിരുന്നു.’’

അൽ ഇജ്ലീ (رحمه الله) പറഞ്ഞു: ‘‘അദ്ദേഹം വിശ്വസ്ഥനും ഹാഫിളുമാണ്.’’

അൽ ഖതീബ് അൽ ബാഗ്ദാദീ (رحمه الله) പറഞ്ഞു: ‘‘അദ്ദേഹം ഉദ്ധരിക്കുന്ന വിഷയങ്ങളിൽ കണിശക്കാരനും, അനേകം ഹദീഥുകൾ ഹൃദിസ്ഥമാക്കിയ ഹാഫിളും, ഒട്ടേറെ രചനകൾ നടത്തിയ വ്യക്തിത്വവുമാണ്. അൽ മുസ്നദ്, അൽ അഹ്കാം, അത്തഫ്സീർ എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ്. ഹിജ്റ 235 നായിരുന്നു അദ്ദേഹത്തിന്റെ മരണം.’’

ഹാഫിദ് അദ്ദഹബീ (رحمه الله) അദ്ദേഹത്തെ വിവരിച്ചത് ഇപ്രകാരണമാണ്: ‘‘മഹാനും, ഉത്തമനുമായ ഹാഫിളായിരുന്നു അദ്ദേഹം. (ഹദീഥുകൾ) ഉദ്ധരിക്കുന്നതിൽ ഏറെ വിശ്വസ്ഥനുമായിരുന്നു’’.

മരണപ്പെടുമ്പോൾ (235 ഹി.) അദ്ദേഹത്തിന് 76 വയസ്സായിരുന്നു. അൽ ദാരിയാ ലൈബ്രറിയിൽ അദ്ദേഹത്തിന്റെ രചനയായ അൽ മുസന്നഫിന്റെ വിവിധങ്ങളായ കയ്യെഴുത്തു പ്രതികൾ കാണാം. അവ ഇപ്രകാരമാണ്:

വാല്യം 1 : 278 ഹദീഥുകൾ (പേജ് 1–128)

ഈ ഒന്നാം വാല്യത്തിന്റെ രണ്ടാം പതിപ്പ് കേടുപാടുകളോടെ: 290 ഹദീഥുകൾ (പേജ്. 1–210)

വാല്യം 2 : മൂന്നാം പതിപ്പ്, കേടുപാടുകളോടെ: 422 ഹദീഥുകൾ (പേജ്.1–230)

7, 8 വാല്യങ്ങൾ: നാലാം പതിപ്പ്: 288 ഹദീഥുകൾ (പേജ്. 1–209)

വാല്യം 11: അതേ പതിപ്പ്: 289 ഹദീഥുകൾ (പേജ്. 1–208)

ഇമാം ബുഖാരി(رحمه الله)യുടെ അൽ അദബ് അൽ മുഫ്റദിനു സമാനമായ കിതാബ് അൽ അദബ് എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും വാല്യങ്ങൾ ഇതേ ലൈബ്രറിയിൽ ഉണ്ട്. മൂന്നു വാല്യങ്ങളുണ്ടെന്ന് കരുതുന്ന ഈ പുസ്തകത്തിന്റെ മൂന്നാം വാല്യം ദാഹിരീ ലൈബ്രറിയിൽ ലഭ്യമല്ല. അത് ഏതെങ്കിലും ഗ്രന്ഥാലയങ്ങളിൽ നിന്നും കിട്ടിയാൽ അതിന്റെ മഹത്വം പരിഗണിച്ച് മഹത് വ്യക്തിത്വങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുമെന്ന് പ്രത്യാശിക്കാം.

**അവലംബം:**

ഇമാം മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി(رحمه الله)യുടെ പരിശോധനയോടു കൂടിയ ഇബ്നു അബീ ശൈബ(رحمه الله)യുടെ ‘കിതാബുൽ ഈമാൻ’ (പേ: 11 12)